ഉത്തരം

(എ) 9-1-2001-ൽ.

(ബി) കോഴിക്കോട് പ്രസ്സ് ഉൾപ്പെടെയുള്ള വിവിധ പ്രസ്സുകളിൽ ആധുനിക മെഷീനുകൾ സ്ഥാപിച്ചതിനുശേഷം പ്രസ്സുകളുടെ പ്രവർത്തനത്തിന് ആവശ്യമായ സാങ്കേതിക വിഭാഗം ജീവനക്കാരുടെ എണ്ണം പരിശോധിച്ചിട്ടില്ല. ഇക്കാര്യത്തിനു വേണ്ടി ഒരു കമ്മിറ്റിയെ നിയമിക്കുന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്.

(സി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) പ്രസ്സിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് പരാതികളൊന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിന്റെ നവീകരണത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക

111 [1941] *ശ്രീ. എ. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-2005 വർഷത്തെ ബഡ്ജറ്റിൽ ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിന്റെ നവീകരണത്തിന് എന്തു തുക വകയിരുത്തിയിട്ടുണ്ട്;

(ബി) ഇതിൽ വിവിധ ഇനത്തിൽ എന്തു തുക ചെലവഴിച്ചിട്ടുണ്ട്; ഇനം തിരിച്ച് വെളിപ്പെടുത്താമോ;

(സി) 2004-2005-ലെ ബഡ്ജറ്റിൽ വകകൊള്ളിച്ച തുക പൂർണ്ണമായും വിനിയോഗിക്കാതിരിക്കാൻ എന്താണ് കാരണമെന്ന് വ്യക്തമാക്കാമോ;

(ഡി) 2005-2006 ബഡ്ജറ്റിൽ എന്തു തുകയാണ് ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിന്റെ നവീകരണത്തിന് വകയിരുത്തിയിട്ടുള്ളത്; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2004-2005 വർഷത്തെ ബഡ്ജറ്റിൽ 3.25 കോടി രൂപ തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിന്റെ നവീകരണത്തിനായി വകകൊള്ളിച്ചിരുന്നു. എന്നാൽ ധനവകുപ്പുമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രസ്തുത തുക തിരുവനന്തപുരത്തും ഷൊർണ്ണൂരുമുള്ള സർക്കാർ പ്രസ്സുകൾ നവീകരിക്കുന്നതിനുള്ളതാണെന്ന് വ്യക്തമാക്കിയ സാഹചര്യത്തിൽ ഈ തുക വിഭജിച്ച് 105 ലക്ഷം രൂപ ഷൊർണ്ണൂർ പ്രസ്സിന്റെയും 220 ലക്ഷം രൂപ തിരുവനന്തപുരം സെൻട്രൽ പ്രസ്സിന്റെ നവീകരണത്തിനായും ചെലവഴിക്കാൻ തീരുമാനിക്കുകയുണ്ടായി. 2004-2005 വർഷത്തെ പ്ലാൻ തുകയിൽ പിന്നീട് 15% കുറവുവരുത്തുകയുണ്ടായി.

† അനുബന്ധം XIV.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 39,87,626 രൂപ താഴെക്കൊടുത്തിരിക്കുന്ന ഇനങ്ങൾ വാങ്ങാനായി ചെലവഴിച്ചു:

1. സിംഗിൾ കളർ ഓഫ്സെറ്റ് മെഷീൻ 1 എണ്ണം — 20,50,479 രൂപ
2. ആട്ടോമാറ്റിക് കട്ടിംഗ് മെഷീൻ 1 എണ്ണം — 14,25,213 രൂപ
3. യു. പി. എസ്.-1, കമ്പ്യൂട്ടർ-3, പ്രിന്റർ - 1 ഉൾപ്പെടെയുള്ള ഡി. റ്റി. പി. ഉപകരണങ്ങൾ — 4,91,934 രൂപ
4. കമ്പ്യൂട്ടർ മേശകളും കസേരകളും — 20,000 രൂപ.

(സി) ഡി. പി. സി. ശുപാർശ ചെയ്ത യന്ത്രങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(ഡി) 2005-2006 ബഡ്ജറ്റിൽ ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിന്റെ നവീകരണത്തിനായും മുൻവർഷം വാങ്ങിയ മെഷീനുകളുടെ ബാക്കി തുക നൽകുന്നതിനും ആധുനിക സാങ്കേതികവിദ്യയിൽ സ്റ്റാഫിന് പരിശീലനം നൽകുന്നതിനും ജനറേറ്ററും കണ്ടയ്നർ വാഹനം വാങ്ങുന്നതിനും ഉൾപ്പെടെ മൊത്തം 225 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1942, 1943, 1944 എന്നിവയുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല.)

വിദേശകമ്പനികൾ ഏറ്റെടുത്തിട്ടുള്ള മത്സ്യസംസ്കരണ ഫാക്ടറി

112 [1945] *ശ്രീ. പി. ജെ. ജോയി:*
„ *കെ. മോഹൻകുമാർ:*
„ *കെ. എ. ചന്ദ്രൻ:*
„ *സി. പി. മുഹമ്മദ്:*
„ *കെ. സി. ജോസഫ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെങ്കിലും മത്സ്യസംസ്കരണ ഫാക്ടറികൾ വിദേശ കമ്പനി ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ എത്രയെണ്ണം ഏറ്റെടുത്തു;

(ബി) ഏതെങ്കിലും വിദേശകമ്പനി സംസ്ഥാനത്ത് മത്സ്യസംസ്കരണ ഫാക്ടറി ആരംഭിച്ചിട്ടുണ്ടോ;

(സി) ഏതെല്ലാം വിദേശകമ്പനികളാണ് സംസ്ഥാനത്തുള്ള മത്സ്യസംസ്കരണ ഫാക്ടറികൾ ഏറ്റെടുക്കുകയോ പുതിയ ഫാക്ടറികൾ ആരംഭിക്കുകയോ ചെയ്തിട്ടുള്ളത്;

GPM. 2/566/2012—20

LIBRARY ARCHIVES Kerala Legislative Assembly